ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05-02-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) നിർണായകമായ നയ പരിഷ്കാരങ്ങളിലൂടെ ലോകത്തെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയെന്ന ലക്ഷ്യത്തിലേക്ക് ഇന്ത്യ നീങ്ങുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദി പ്രമേയ ചർച്ചകൾക്ക് രാജ്യസഭയിൽ പ്രധാനമന്ത്രി മറുപടി നൽകി.

**Prime Minister Narendra Modi said that India is marching towards becoming the world's third largest economy through decisive policy reforms. The Prime Minister replied to discussion on motion of thanks to the President's address in the Rajya Sabha today.**

2) രാജ്യത്തെ ആദ്യ സഹകരണ അധിഷ്ഠിത യാത്രാ പ്ലാറ്റ്ഫോമായ ഭാരത് ടാക്സി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്തു. പദ്ധതി സഹകരണ മേഖലയെ പുതിയ ഉയരങ്ങളിലെത്തിക്കുമെന്നും അമിത് ഷാ.

**Union Home and Cooperation Minister Amit Shah today officially launched India's first cooperative based ride hailing platform, Bharat Taxi. Amit Shah said that the project will take the Cooperative sector to new heights.**

3) ഇന്ത്യ-യുഎസ് വ്യാപാര കരാറിന്റെ നടപടിക്രമങ്ങൾ അവസാന ഘട്ടത്തിലാണെന്നും കരാർ ഉടൻ പൂർത്തിയാകുമെന്നും വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ.

The India-US trade agreement is in the final stages and the agreement will be completed soon, said External Affairs Minister S. Jaishankar.

4) നൂറ്റി നാൽപ്പത് കോടി ഇന്ത്യക്കാരുടെ ഊർജ്ജ സുരക്ഷ ഉറപ്പാക്കുക എന്നതാണ് സർക്കാരിന്റെ പരമപ്രധാനമായ മുൻഗണനയെന്ന് വിദേശകാര്യ മന്ത്രാലയം.

   The government's top priority is to ensure energy security for 140 crore Indians, stated Ministry of External Affairs

5) ശബരിമല സ്വർണ്ണ അപഹരണക്കേസിനെ ചൊല്ലിയുള്ള പ്രതിപക്ഷ ബഹളത്തെ തുടർന്ന് കേരളനിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. സഭ ഈ മാസം 23 ന് വീണ്ടും സമ്മേളിക്കും.

   The Kerala Legislative Assembly was adjourned for today following opposition uproar over the Sabarimala gold theft case. The House will reconvene on the 23rd of this month.

6) സന്തോഷ് ട്രോഫി ഫുട്ബോളിൽ പഞ്ചാബിനെ തകർത്ത് കേരളം ഫൈനലിൽ, ഞായറാഴ്ച നടക്കുന്ന കലാശപ്പോരിൽ കേരളം, സർവീസസിനെ നേരിടും..

   Kerala defeated Punjab in the semi-final of Santosh Trophy football, Kerala will face Services in the final on Sunday.

&&&&&&&&&&&&&&&&

## FUR REV EVE RS – MOTION OF THANKS (INTRO)

ആത്മവിശ്വാസത്തോടെയും നിർണായകമായ നയ പരിഷ്കാരങ്ങളിലൂടെയും ലോകത്തെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയിലേക്ക് ഇന്ത്യ നീങ്ങുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദി പ്രമേയ ചർച്ചകൾക്ക് രാജ്യസഭയിൽ മറുപടി നൽകുകയായിരുന്നു അദ്ദേഹം. പരിഷ്കരണം, പ്രകടനം, പരിവർത്തനം എന്ന ദർശനവുമായി സർക്കാർ മുന്നോട്ട് പോകുകയാണെന്നും വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്ക് ഇന്ത്യ അതിവേഗം മുന്നേറുകയാണെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയ്സ്.......)

രാജ്യം ശക്തമായ ഒരു ഉൽപാദന ആവാസവ്യവസ്ഥ കെട്ടിപ്പടുത്തു കൊണ്ട് സംരംഭകരെ പിന്തുണയ്ക്കുകയാണെന്ന് വ്യക്തമാക്കിയ പ്രധാനമന്ത്രി, പ്രതിഭാധനരായ യുവ സമൂഹം ഉള്ള ഇന്ത്യയെ ലോകം പ്രതീക്ഷയോടെയാണ് നോക്കുന്നതെന്നും പറഞ്ഞു. പുതിയ പദ്ധതികളിലൂടെ സമസ്ത മേഖലകളിലും രാജ്യത്ത് വികസനം സാധ്യമായതായും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## LOKSABHA (INTRO)

ഇന്ത്യ-യുഎസ് വ്യാപാര കരാർ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ പ്രതിപക്ഷം പ്രതിഷേധം ഉയർത്തിയതു കാരണം ഇന്ന് ലോക്സഭാ നടപടികൾ തുടർച്ചയായി തടസ്സപ്പെട്ടു.

വിശദാംശങ്ങളിലേക്ക്......

(വോയിസ്)

പ്രതിപക്ഷ ബഹളത്തെ തുടർന്ന് 12 മണി വരെ നിർത്തി വെച്ച ലോക്സഭ, നടപടികൾ പുനരാരംഭിച്ചെങ്കിലും പ്രതിപക്ഷം ബഹളം തുടർന്നതോടെ രണ്ടു മണി വരെ വീണ്ടും നിർത്തി വെച്ചു. തുടർച്ചയായ ബഹളങ്ങൾക്കിടയിൽ, പാർലമെന്റിന്റെ ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തിൽ രാഷ്ട്രപതി നടത്തിയ പ്രസംഗത്തിനുള്ള നന്ദി പ്രമേയം സഭ ശബ്ദവോട്ടോടെ അംഗീകരിച്ചു. സഭ മൂന്നാം തവണ നിർത്തിവച്ചതിന് ശേഷം 3 മണിക്ക് സമ്മേളിച്ചപ്പോൾ, കോൺഗ്രസ്, ഡിഎംകെ, ടിഎംസി ഉൾപ്പെടെയുള്ള പ്രതിപക്ഷ എംപിമാർ സർക്കാരിനെതിരെ മുദ്രാവാക്യം വിളിച്ച് നടുത്തളത്തിലിറങ്ങി. പ്രതിപക്ഷ എംപിമാരുടെ പെരുമാറ്റത്തിൽ ലോക്സഭാ സ്പീക്കർ ഓം ബിർള ദുഃഖം പ്രകടിപ്പിച്ചു.

(വോയിസ്)

സഭയിലെ പ്രതിപക്ഷത്തിന്റെ പെരുമാറ്റം പാർലമെന്ററി മാനദണ്ഡങ്ങൾക്കും മര്യാദകൾക്കും അനുസൃതമല്ലെന്ന് സ്പീക്കർ ചൂണ്ടിക്കാട്ടി. പ്രതിപക്ഷത്തിന്റെ പെരുമാറ്റത്തെ പാർലമെന്ററി ചരിത്രത്തിലെ കറുത്ത പാട് എന്ന് അദ്ദേഹം വിശേഷിപ്പിച്ചു. തുടർന്ന് ഇന്നത്തേക്ക് പിരിഞ്ഞ സഭ നാളെ രാവിലെ വീണ്ടും ചേരും.

ന്യൂസ് ഡെസ്ക് ആകാശവാണി........

&&&&&&&&&&&&&&&&&&

## SHAH-BHARAT TAXI

ഭാരത് ടാക്സിയിലൂടെ രാജ്യത്തെ സഹകരണ മേഖല പുതിയ ഉയരങ്ങളിലെത്തുമെന്ന് കേന്ദ്ര മന്ത്രി അമിത് ഷാ. രാജ്യത്തെ ആദ്യ സഹകരണ അധിഷ്ഠിത യാത്രാ പ്ലാറ്റ്ഫോമായ ഭാരത് ടാക്സി അദ്ദേഹം ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു. രാജ്യത്തെ ആദ്യത്തെ റൈഡ്-ഹെയ്‌ലിംഗ് പ്ലാറ്റ്ഫോമാണ് ഭാരത് ടാക്സി.സീറോ-കമ്മീഷൻ, സർജ്-ഫ്രീ പ്രൈസിംഗ് മോഡലിലാണ് പ്ലാറ്റ്ഫോം പ്രവർത്തിക്കുന്നത്.ഇടനിലക്കാരെ ഒഴിവാക്കി ഡ്രൈവർമാർക്ക് ലാഭം ലഭ്യമാക്കാനും അവരുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കാനും സംവിധാനം മുൻഗണന നൽകുന്നു. ഡ്രൈവർമാർ നേടുന്ന നിരക്കുകളിൽ സർക്കാർ കമ്മീഷൻ ഈടാക്കില്ലെന്നും അമിതാഷാ പറഞ്ഞു.

&&&&&&&&&&&&&&&&&&

## JAISHANKAR - TRADE DEAL

ഇന്ത്യ-യുഎസ് വ്യാപാര കരാറിന്റെ നടപടിക്രമങ്ങൾ അവസാന ഘട്ടത്തിലാണെന്നും കരാർ ഉടൻ പൂർത്തിയാകുമെന്നും വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ. വ്യാപാര കരാർ ഇന്ത്യ-യുഎസ് ഉഭയകക്ഷി ബന്ധത്തിൽ ഒരു പുതിയ ഘട്ടം തുറക്കുമെന്നും ബന്ധത്തിന് വിപുലമായ സാധ്യതകളുണ്ടെന്നും അദ്ദേഹം സാമൂഹ്യമാധ്യമ പോസ്റ്റിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## PM- PARIKSHA PE CHARCHA

പരീക്ഷ സമ്മർദ്ദം ഉൾപ്പടെയുള്ള വിഷയങ്ങളിൽ പ്രധാനമന്ത്രി വിദ്യാർത്ഥികളുമായി നേരിട്ട് സംവദിക്കുന്ന പരീക്ഷ പേ ചർച്ച പരിപാടി നാളെ രാവിലെ 10 മണിക്ക്. പരിപാടി കാണാൻ പൗരന്മാരോട് പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്തു. രാജ്യത്തെ യുവജനങ്ങളുമായി സംവദിക്കുന്നത് ഉന്മേഷദായകമാണെന്നും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## KERALA – LEGISLATIVE ASSEMBLY

ശബരിമല സ്വർണ്ണക്കൊള്ളക്കേസ് സംബന്ധിച്ച് യു.ഡി.എഫ് നടത്തിയ തുടർച്ചയായ പ്രതിഷേധത്തെത്തുടർന്ന് നിയമസഭ പിരിഞ്ഞു. സഭയ്ക്കുള്ളിൽ പ്രതിപക്ഷ പ്രതിഷേധവും നടപടികളിലെ നിസ്സഹകരണവും ഇന്നും തുടർന്നു. ബഹളത്തെത്തുടർന്ന് സ്പീക്കർ ചോദ്യോത്തര വേള ഒഴിവാക്കി, സംസ്ഥാന ബജറ്റിലെ ഗ്രാന്റുകൾക്കായുള്ള അന്തിമ അനുബന്ധ ആവശ്യങ്ങളെക്കുറിച്ചുള്ള ചർച്ചയും വോട്ടെടുപ്പും വേഗത്തിൽ പൂർത്തിയാക്കി. തുടർന്ന് ഈ മാസം 22 വരെ സഭ നിർത്തിവയ്ക്കുന്നതായി സ്പീക്കർ അറിയിച്ചു. അതേസമയം, പ്രതിഷേധത്തിനിടെ ചില പ്രതിപക്ഷ അംഗങ്ങൾ വാച്ച് ആൻഡ് വാർഡ് ജീവനക്കാരെ നടുത്തളത്തിൽ വച്ച് കൈയേറ്റം ചെയ്തതായി സ്പീക്കർ എ.എൻ. ഷംസീർ പറഞ്ഞു.

&&&&&&&&&&&&&&&&&&

## REV. UN– INDIA AI SUMMIT

നിർമ്മിത ബുദ്ധി വെല്ലുവിളികളെ നേരിടുന്നതിൽ ഇന്ത്യ നേതൃപരമായ പങ്ക് വഹിക്കുന്നതായി യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്. ന്യൂഡൽഹിയിൽ, ഈ മാസം 16 മുതൽ 20 വരെ നടക്കുന്ന ഇന്ത്യ എ ഐ ഇംപാക്ട് ഉച്ചകോടിയിൽ പങ്കെടുക്കാൻ അദ്ദേഹം ഇന്ത്യയിൽ എത്തും . ഒരു ഗ്ലോബൽ സൗത്ത് രാഷ്ട്രം ആതിഥേയത്വം വഹിക്കുന്ന ആദ്യത്തെ ആഗോള AI ഉച്ചകോടിയാണിത്.

&&&&&&&&&&&&&&&&&&

## PM MALAYSIA VISIT

ഈ മാസം 7, 8 തീയതികളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി മലേഷ്യ സന്ദർശിക്കും. മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമിന്റെ ക്ഷണപ്രകാരമാണ് സന്ദർശനം. പ്രധാനമന്ത്രി മോദിയുടെ മൂന്നാമത്തെ മലേഷ്യ സന്ദർശനമാണിതെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

## MEA BRIEFING (INTRO)

140 കോടി ഇന്ത്യക്കാരുടെ ഊർജ്ജ സുരക്ഷ ഉറപ്പാക്കുക എന്നതാണ് സർക്കാരിന്റെ പരമപ്രധാനമായ മുൻഗണനയെന്ന്

വിദേശകാര്യ വക്താവ് രൺധീർ ജയ്‌സ്വാൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. വസ്തുനിഷ്ഠമായ വിപണി സാഹചര്യങ്ങൾക്കും വികസിച്ചുകൊണ്ടിരിക്കുന്ന അന്താരാഷ്ട്ര ചലനാത്മകതയ്ക്കും അനുസൃതമായി രാജ്യത്തിന്റെ ഊർജ്ജ സ്രോതസ്സുകളെ വൈവിധ്യവൽക്കരിക്കുക എന്നത് സർക്കാരിന്റെ തന്ത്രത്തിന്റെ കാതലാണെന്ന് ശ്രീ ജയ്‌സ്വാൾ പറഞ്ഞു.
(വോയ്സ്)

&&&&&&&&&&&&&&&&&

## KERALA - MSME

കേന്ദ്ര സർക്കാർ വാഗ്ദാനം ചെയ്യുന്ന ക്ഷേമ, വികസന പദ്ധതികൾ സംസ്ഥാന സർക്കാർ ഫലപ്രദമായി പ്രയോജനപ്പെടുത്തണമെന്ന് കേന്ദ്ര സഹമന്ത്രി ശോഭ കരന്തലജെ. സംസ്ഥാന സർക്കാർ ഭൂമി നൽകിയാൽ കൊല്ലത്ത് ഇഎസ്ഐ മെഡിക്കൽ കോളേജ് ആരംഭിക്കുമെന്ന് മന്ത്രി തിരുവനന്തപുരത്തു പറഞ്ഞു. കേരളത്തിന് ഗണ്യമായ സാമ്പത്തിക സഹായം നൽകുന്നുണ്ടെന്നും, വിഹിതം എല്ലാ വർഷവും ക്രമാനുഗതമായി വർദ്ധിച്ചുവരികയാണെന്നും അവർ ചൂണ്ടിക്കാട്ടി. കേന്ദ്രത്തിൽ നിന്നുള്ള കേരളത്തിന്റെ നികുതി വിഹിതം 36,355 കോടി രൂപയായി വർദ്ധിച്ചുവെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&

## SANTHOSH TROPHY

സന്തോഷ് ട്രോഫി ഫുട്ബോളിൽ പഞ്ചാബിനെ തകർത്ത് കേരളം ഫൈനലിൽ. ഏകപക്ഷീയമായ നാലു ഗോളിനാണ് കേരളത്തിൻറെ ജയം. ഞായറാഴ്ച നടക്കുന്ന കലാശപ്പോരിൽ സർവീസസാണ് കേരളത്തിൻറെ എതിരാളി.

&&&&&&&&&&&&&&&&&

## WPL-CRICKET

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ, ഇന്ന് കലാശപ്പോരാട്ടം. വഡോദരയിൽ രാത്രി 7:30ന് ആരംഭിക്കുന്ന ഫൈനലിൽ ഡൽഹി ക്യാപിറ്റൽസ്, റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ നേരിടും.

&&&&&&&&&&&&&&&&&

## SIR

കേരളത്തിൽ എസ് ഐ ആറിൻറെ ഭാഗമായിയുള്ള ഹിയറിംഗിലൂടെ 21,130 പേർ വോട്ടർപ്പട്ടികയിൽ നിന്ന് പുറത്തായതായി മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു.കേൽക്കർ. ഇതിൽ, 2,804 പേർ എന്യൂമറേഷൻ കാലഘട്ടത്തിൽ മരണപ്പെട്ടവരും, ആയിരത്തി 39 പേർ വിദേശ പൗരത്വം സ്വീകരിച്ചവരും, 17,287 പേർ താമസം മാറിയവരുമാണെന്ന് അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&&&&

## ECI

അസം, കേരളം, പുതുച്ചേരി, തമിഴ്നാട്, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പുകളിൽ കേന്ദ്ര നിരീക്ഷകരായി നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ യോഗം ചേർന്നു. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻറെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ 714 ജനറൽ നിരീഷകൻമാർ, 233 പോലീസ് നിരീഷകൻമാർ, 497 ചെലവ് നിരീക്ഷകർ ഉൾപ്പെടെ 1,444 ഉദ്യോഗസ്ഥരാണ് പങ്കെടുത്തത്.

&&&&&&&&&&&&&&&&&

## BJP

ബിജെപി ദേശീയ അധ്യക്ഷൻ നിതിൻ നബിന്റെ രണ്ട് ദിവസത്തെ കേരള സന്ദർശനം നാളെ ആരംഭിക്കും. വരാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിനുള്ള തയ്യാറെടുപ്പുകൾ ശക്തിപ്പെടുത്തുന്നതിനായി കൊച്ചി, എറണാകുളം, തൃശൂർ എന്നിവിടങ്ങളിലായി ചേരുന്ന ഉന്നതതല സംഘടനാ അവലോകന യോഗങ്ങളിൽ അദ്ദേഹം പങ്കെടുക്കും.

&&&&&&&&&&&&&&&&&

## EVE SC-WB DA

20 ലക്ഷം സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക നൽകാൻ മമത ബാനർജിയുടെ നേതൃത്വത്തിലുള്ള പശ്ചിമ ബംഗാൾ സർക്കാരിനോട് നിർദ്ദേശിച്ച് സുപ്രീം കോടതി. അടുത്ത മാസം 6-ന് മുമ്പ് ഡിഎ കുടിശ്ശികയുടെ 25 ശതമാനമെങ്കിലും നൽകണമെന്ന് കോടതി ഉത്തരവിട്ടു. നിയമപരമായി അർഹതയുണ്ടായിട്ടും അലവൻസുകൾ നിഷേധിക്കപ്പെട്ടുവെന്ന്

ജീവനക്കാർ കോടതിയെ ബോധിപ്പിച്ചു. ഇന്നത്തെ വിധിയോടെ ഒരു ദശാബ്ദത്തിലേറെയായി തീർപ്പാകാതെ കിടന്നിരുന്ന തർക്കത്തിനാണ് പരിഹാരമായത്.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&